**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1346** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഹെലിടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഹെലിടൂറിസം പദ്ധതി നടപ്പിലാക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്വകാര്യ സംരഭകരെ ആകർഷിച്ച് കേരളത്തിന്റെ വിവിധ ഇടങ്ങളെ കോർത്തിണക്കി ഹെലികോപ്റ്റർ സർവ്വീസ് ആരംഭിയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു നൂതന ടൂറിസം ഉൽപന്നമാണ് ഹെലി ടൂറിസം പദ്ധതി. വിനോദസഞ്ചാര വകുപ്പ് ഒരു ഫെസിലിറ്റേറ്ററുടെ ചുമതല നിർവ്വഹിച്ച് സ്വകാര്യ ഓപ്പറേറ്റർമാർ വഴി സർവ്വീസുകൾ ആരംഭിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനവും ഫ്ളാഗ് ഓഫും 2023 ഡിസംബർ 30 ന് കൊച്ചി സിയാൽ അക്കാഡമിയിൽ നടന്നു . |
| (ബി) | പദ്ധതിയുടെ ഭാഗമായി സുപ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമീപത്ത് നിലവിലുള്ള ഹെലിപാഡുകൾ കണ്ടെത്താനും പുതിയവ നിർമ്മിക്കാനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ സമീപത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ ഹെലിപാഡുകൾ കണ്ടെത്തി ഉപയോഗപ്പെടുത്തുവാനാണ് പദ്ധതിയുടെ ആദ്യ ഘട്ടമായി ഉദ്ദേശിക്കുന്നത്. ഹെലിടൂറിസം സർവ്വീസുകൾ സംബന്ധിച്ച അവബോധം വിനോദസഞ്ചാരികൾക്കിടയിൽ വളർന്നുവരികയും കൂടുതൽ സർവ്വീസുകൾക്കായി ആവശ്യമുയരുകയും ചെയ്യുന്ന മുറയ്ക്ക് പുതിയ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതും പരിശോധിയ്ക്കാവുന്നതാണ്. |
| (സി) | സർവ്വീസുകൾ നടത്തുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഹെലി ടൂറിസം പദ്ധതിയിൽ ഒരു ഫെസിലിറ്റേറ്ററുടെ ചുമതലയാണ് വിനോദ സഞ്ചാര വകുപ്പ് നിർവ്വഹിക്കുന്നത്. ഹെലികോപ്റ്റർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നിയമപരവും സാങ്കേതികവുമായ അനുമതികൾ ലഭ്യമായിട്ടുള്ള എല്ലാ സേവനദാതാക്കൾക്കും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടൂറിസം വകുപ്പുമായി MoUയിൽ ഏർപ്പെട്ട് ഹെലിടൂറിസം സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഹെലിടൂറിസം നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഹെലിടൂറിസം നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി വിനോദസഞ്ചാര വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ), ഹെലിടൂറിസം പോളിസിയുടെ കരട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹെലിടൂറിസം പോളിസി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13.03.2023 തീയതിയിലെ സ.ഉ. (സാധാ) നം. 113/2023/TSM ഉത്തരവ് പ്രകാരം ഒരു സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സ്റ്റീറിംഗ് കമ്മിറ്റിയുടെ യോഗവും ഹെലിടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗവും ചേരുകയും വിവിധ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും ചെയ്തു. ഇവയിൽ നിന്നും ലഭ്യമായ വിവിധ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹെലിടൂറിസം നയത്തിന്റെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ